**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4088** **03-03-2023 - ൽ മറുപടിയ്ക്ക്**

**നിശ്ചിത സമയത്ത് റേഷൻ കടകൾ തുറന്ന് പ്രവർത്തിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | അടുത്ത കാലത്ത് റേഷൻ കടകൾ നിശ്ചിത സമയക്രമം പാലിച്ച് തുറന്ന് പ്രവർത്തിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്തുകൊണ്ടാണെന്നും നിശ്ചിത സമയക്രമം പാലിച്ച് തുറന്ന് പ്രവർത്തിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ; | (എ) | റേഷൻ വിതരണം തടസം കൂടാതെ നടത്തുന്നതിന് Aadhaar Authentication സാധ്യമാകുന്നതിനായി PDS സെർവർ കൂടാതെ രാജ്യത്തിന്റെ പലഭാഗത്തായി സ്ഥിതി ചെയ്യുന്ന മറ്റ് 3 സെർവറുകൾ കൂടി ഒരേ സമയത്ത് കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതുണ്ട്. ഓതന്റിക്കേഷൻ യൂസർ ഏജൻസിയിൽ (AUA) നിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA)യിലേക്കുള്ള നെറ്റ്.വർക്ക് ട്രാഫിക്ക് അധികമായി കാണപ്പെടുകയും അതുമൂലം ബയോമെട്രിക് ഓതന്റിക്കേഷൻ നടക്കാതെ വരികയും ചെയ്ത സാഹചര്യത്തിലുണ്ടായ തിരക്ക് നിയന്ത്രിക്കുന്നതിനാണ് റേഷൻ വിതരണത്തിലെ സമയക്രമത്തിൽ മാറ്റം വരുത്തിയത്. സാങ്കേതിക തടസങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് NIC ടീം, IT മിഷൻ, UIDAI എന്നിവർക്ക് നിർദേശം നൽകിയിട്ടുണ്ട്. ഓതന്റിക്കേഷൻ യൂസർ ഏജൻസിയുടെ (AUA)സെർവറിൽ ഉണ്ടാകുന്ന നെറ്റ് വർക്ക് എറർ കാരണം റേഷൻ വിതരണം തടസ്സപ്പെടാതിരിക്കുന്നതിനായി NIC യുടെ(AUA)സെർവർ അധികമായി ഉപയോഗിക്കുന്നതിനുള്ള അനുവാദം ചോദിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാനത്തിന് രണ്ട് ഓതന്റിക്കേഷൻ യൂസർ ഐഡി നിലവിൽ വരികയും ബയോമെട്രിക് ഓതന്റിക്കേഷൻ സുഗമമാകുകയും തുടർന്ന് റേഷൻ വിതരണം തടസം കൂടാതെ നടത്തുന്നതിന് സാധിക്കുകയും ചെയ്യും.<br><br>28.02.2023 ലെ സ.ഉ(സാധാ) നം. 88/2023/ ഭ.പൊ.വി.വ പ്രകാരം റേഷൻ കടകളുടെ പ്രവർത്തന സമയം 01.03.2023 മുതൽ രാവിലെ 8 മുതൽ ഉച്ചയ്ക്ക് |

| | | | |
|---|---|---|---|
| | | | 12.00 വരെയും വൈകുന്നേരം 4 മുതൽ 7 മണി വരെയും പുനഃക്രമീകരിച്ചിട്ടുണ്ട്. |
| (ബി) | റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന അരിയുടെ അളവ് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | എ.എ.വൈ, പി.എച്ച്.എച്ച് വിഭാഗങ്ങൾക്ക് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം നിശ്ചയിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങളാണ് വിതരണം ചെയ്യുന്നത്. സംസ്ഥാനത്തിന് ടൈഡ് ഓവർ വിഹിതമായി ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളാണ് (പ്രതിമാസം 33294.198മെ.ടൺ) മുൻഗണനേതര വിഭാഗത്തിന് നൽകിവരുന്നത്. പ്രസ്തുത ഭക്ഷ്യധാന്യങ്ങളുടെ അളവ് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തുന്നതിന് മുമ്പ് എ.പി.എൽ വിഭാഗത്തിന് ലഭ്യമായിരുന്ന ധാന്യത്തിന്റെ അളവിനെ (അധിക വിഹിതമുൾപ്പെടെ പ്രതിമാസം 68340മെ.ടൺ) അപേക്ഷിച്ച് കുറവായതിനാൽ ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിക്കണമെന്ന് നിരവധി തവണ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ആയതിന് അനുകൂല മറുപടിയൊന്നും തന്നെ ലഭിച്ചിട്ടില്ല.<br><br>മുൻഗണനേതര വിഭാഗത്തിന് ലഭ്യമാകുന്ന ധാന്യത്തിന്റെ അപര്യാപ്തത കണക്കിലെടുത്ത് കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ കിലോഗ്രാമിന് 20 മുതൽ 22.50 രൂപ വരെ നൽകി എഫ്.സി.ഐ.യിൽ നിന്ന് അരി വാങ്ങി മുൻഗണനേതര വിഭാഗത്തിന് സൗജന്യമായും 15 രൂപ നിരക്കിലും വിവിധ മാസങ്ങളിൽ വിതരണം ചെയ്തിരുന്നു. 2022 ഓണക്കാലത്തും അരി വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി 2022 നവംബർ മാസത്തിലും മുൻഗണനേതര വിഭാഗത്തിന് അധിക അരി വിഹിതം വിതരണം നടത്തുന്നതിനും നടപടി സ്വീകരിച്ചിരുന്നു. കൂടാതെ മിക്കവാറും എല്ലാ മാസവും അരിയുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ വെള്ളക്കാർഡുടമകൾക്ക് അധികമായി 6 മുതൽ 10 കിലോ വരെ അരി നൽകിവരുന്നു. ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 8 കിലോ അരി ഇങ്ങനെ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ